വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഹൈസ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകന്മാരില്ലാതിരുന്ന കുറവ് ഫൻ൫൦ സെപ്തമ്പർ മുതൽക്കാണ് സ്റ്റാഫ് അഡ്ജസ്റ്റ്മെൻറ് (Staff Adjustment) നടത്തിയതോടുകൂടി മിക്കവാറും പരിഹരിക്കപ്പെട്ടിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായധനം

*൭൦൫. (൫൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മിഡിൽസ്കൂളിൽ ൨൫൦ ഹൈസ്കൂളിൽ ൪൦൦ രൂപാവീതം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട സഹായധനം ൨൦൫൧—ൽ—൫൨ വരെ എത്ര വിദ്യാർത്ഥികൾക്ക് നൽകിയെന്നുള്ള വിവരം പറയുമോ;

(ബി) ഒരു കൊല്ലം തോറ്റുപോയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സഹായധനം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ തുടർന്നുകൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിദ്യാർത്ഥികളുടെ എണ്ണം പറയുവാൻ നിവൃത്തിയില്ല. ഇന്നുവരെയുള്ളതിൽ വിദ്യാർത്ഥികൾക്കും സഹായധനം നൽകിക്കഴിഞ്ഞു.

(ബി) "പട്ടികജാതി", "മലവർഗ്ഗക്കാർ" ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഹൈസ്കൂൾ ക്ലാസ്സുവരെ ഒരു ക്ലാസ്സിൽ രണ്ടുവർഷം തുടരെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. "മറ്റു പിന്നോക്ക സമുദായങ്ങൾക്കു"" ഒരു ക്ലാസ്സിൽ ഒരുവർഷം മാത്രമെ സൗജന്യം കിട്ടുകയുള്ളൂ.

ഗ്രന്ഥശാലകളും ഗ്രാൻറും

*൭൦൬. (൫൪) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

തിരു-കൊച്ചി സംസ്ഥാനത്തു് ഗവൺമെണ്ടു് ഗ്രാൻറു നൽകുന്ന എത്ര ഗ്രന്ഥശാലകൾ ഉണ്ടെന്നും എത്ര രൂപാ അവകൾക്ക് ഫ൫൨-ൽ ഗ്രാൻറ് നൽകിയിട്ടുണ്ടെന്നും അതിൽ തിരുവിതാംകൂർ വിഭാഗത്തിന് എത്ര തുക എത്ര ഗ്രന്ഥശാലകൾക്ക് കൊടുത്തിട്ടുണ്ടെന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

൭൫൧ ഗ്രന്ഥശാലകൾ.

൩൫,൪൪൨ രൂപ ഫ൫൨ അണ. ഫ൫൨-൫൩-ലേക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

തിരുവിതാംകൂർ വിഭാഗത്തിന് ൪൩൩ ഗ്രന്ഥശാലകൾക്കായി ൧൭,൭൪൪ രൂപ ഫ൫൨ അണ അനുവദിച്ചിട്ടുണ്ട്.

കള്ളുവണ്ടി തൊഴിലാളികളുടെ ബോണസ്സ്

*൭൦൭. (൫൮) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

ഫൻ൫൭ മുതലുള്ള ഏതെല്ലാം കൊല്ലങ്ങളിലെ ബോണസ്സ് കൊടുക്കുന്നതിന് ഗവൺമെണ്ട് കള്ളുവണ്ടി മുതലാളിമാർക്ക് ഉത്തരവു കൊടുത്തിട്ടുണ്ടെന്നും അവ എത്ര ശതമാനമാണെന്നും പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ബോണസ്സ് കൊടുക്കുന്നതു സംബന്ധിച്ചു് ഗവൺമെണ്ടിൽനിന്നും ഉത്തരവു കൊടുക്കാറില്ല. കൺസിലിയേഷൻ വഴിയായോ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നൽകുന്ന അവാർഡുവഴിയായോ ആണു് ബോണസ്സുകൂടി കൊടുക്കുന്നതു്.

എ. ഡി. കാട്ടൻ മില്ലിലെ തൂണികൾ

*൭൦൫. (൫൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

കൊല്ലം എ. ഡി. കാട്ടൻമില്ലിൽ ഉണ്ടാക്കുന്ന തൂണിത്തരങ്ങൾ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണോ; ആണെങ്കിൽ അതിനുള്ള കാരണമെന്തെന്നും പ്രതിവർഷം എത്രമാത്രം തൂണികൾ കയറ്റുമതി ചെയ്യുന്നു എന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

൧൯൫൦ സെപ്തമ്പർവരെ ഈ മില്ലിൽ ഉണ്ടാക്കിയിരുന്ന തൂണിത്തരങ്ങൾ ഏതാണ്ടു വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. ഏതാണ്ടു് ഇവിടെ വില്ക്കയും ചെയ്തിരുന്നു. എന്നാൽ മില്ലിലെ തൂണിത്തരങ്ങൾ എല്ലാംതന്നെ ൧൯൫൦ സെപ്തമ്പർ മുതൽ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണു്. അങ്ങനെ ചെയ്യാൻ അവർക്കു് കേന്ദ്രഗവൺമെണ്ടിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ടു്. ഈ മില്ലിൽ ഉണ്ടാക്കുന്ന തൂണിത്തരങ്ങൾ മോശമായതിനാൽ ഈ രാജ്യത്തു് ചിലവാക്കുവാനും വളരെ പ്രയാസമാണു്. ൧൯൫൧ ആഗസ്റ്റു് മുതൽ ൧൯൫൨ ആഗസ്റ്റു് വരെ ഒരു ബെയിൽ വിദേശങ്ങളിലേക്കു് ഈ മിൽ കയറ്റുമതി ചെയ്തിട്ടുണ്ടു്.

SHIFT SYSTEM IN PRIMARY SCHOOLS

*709. [60] **Sri. K. Ramachandran:** Will the Hon'ble Minister for Education be pleased to state.—

whether Government propose to do away with shift system of teaching in primary schools?

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]:**

Government have already ordered the discontinuance of shift system in primary schools.

AGRICULTURAL STATISTICAL SURVEY

*710. [61] **Sri. K. Ramachandran:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the nature and extent of assistance given to the Agricultural Statistical Surveyors;

(*b*) the number of persons deputed to assist them in their work;

(*c*) the maximum amount of allowance made available to them?

Minister for Public Works, Communication and Agriculture **(Sri. E. John Philipose):**

(*a*) There are no Agricultural Statistical Surveyors appointed by Government, but certain Statistical Assistants have been appointed to collect complete data of Agricultural crops in the State.

(*b*) At present there is none, but arrangements have been made to appoint Field Assistants for helping the Statistical Assistants in their work.

LIBRARY ARCHIVES Kerala Legislative Assembly